# Desabhimani

# 27 August 2018

# Kalamassery, Pallipuramchal, After Flood, FloodVictims

## തകർന്ന വീടുകളും മുട്ടോളം ചെളിയും; പള്ളിപ്പുറംചാലിന് ആശ്വാസമകലെ

**കളമശേരി**

വെള്ളപ്പൊക്ക ബാധയിൽ സർക്കാർ സംവിധാനങ്ങൾ നൽകിയ മുന്നറിയിപ്പനുസരിച്ച് കാര്യക്ഷമമായി മുൻകരുതലുകൾ സ്വീകരിച്ച ഏലൂർ നഗരസഭയിലെ പള്ളിപ്പുറം ചാലിൽ വെള്ളമിറങ്ങിയെങ്കിലും ആശ്വാസം കരയ്ക്കടുക്കുന്നില്ല. പെരിയാറിന് തൊട്ടുചേർന്നുള്ള പ്രദേശത്ത് വീടുകൾക്ക് മുകളിലൂടെ വെളളമൊഴുകിയെങ്കിലും നഗരകോ പ്രദേശത്ത് എവിടെയും ആൾനാശം റിപ്പോർട്ട് ചെയ്തിട്ടില്ല.

പള്ളിപ്പുറം ചാലിൽ അറുപതിലേറെ വീടുകൾ ചെളിയിലാണ്. വീടിനു ചുറ്റും വീടിനകത്തും വഴിയിലും ഗൃഹോപകരണങ്ങളിലുമൊക്കെ ചെളിയാണ്. കൂടാതെ നാലു വീടുകൾക്ക് സാരമായ നാശമുണ്ട്. പള്ളിപ്പുറംചാലിൽ വെള്ളം കയറുന്ന ആദ്യ വീടുകളിലൊന്നായ കോലത്തറ അനിൽകുമാറിന്റെ വീടിന്റെ അടുക്കളഭാഗം തകർന്നു വീണു. മേൽക്കൂര തകർന്ന് ഓടുകൾ വീഴുന്നുമുണ്ട്. വീട്ടിൽ താമസിക്കാൻ പറ്റാത്ത അവസ്ഥയാണ്.. കൂലിപ്പണിക്കാരനായ അനിൽ കുമാറിന്റെ ടി വി , ഇരുചക്ര വാഹനം, ഗൃഹോപകരണങ്ങൾ തുടങ്ങി സമ്പാദിച്ചതൊക്കെ വെള്ളം കവർന്നു. ഇനി പഴയ പോലൊരു ജീവിതം സാധ്യമാകുമോയെന്ന ആശങ്കയിലാണ് അനിൽകുമാർ. അമ്മയും ഭാര്യയും കുഞ്ഞും വിധവയായ സഹോദരിയും കുഞ്ഞും അനിൽകുമാറിന്റെ സംരക്ഷണയിലാണ് .അപകടഭീതിയിൽ വീടിനകത്തേക്ക് കടക്കുകയോ വൃത്തിയാക്കുകയോ ഒന്നും ചെയ്തിട്ടില്ല.

തൊട്ടടുത്ത വീട്ടിലെ പാറേക്കാട്ടിൽ പാപ്പച്ചൻ ആശുപ ത്രിയിലാണ്. പാപ്പച്ചന്റെ വീട്ടിൽ ഭാര്യ, രണ്ടു മക്കൾ, അവരുടെ ഭാര്യമാരും 5 കൈക്കുഞ്ഞുങ്ങളുമടക്കം 11 പേരാണ് താമസിക്കുന്നത്. വീട്ടിലെ മുഴുവൻ സാധനങ്ങളും നശിച്ചു. വീട്ടിനകത്ത് ഉണ്ടായിരുന്ന എല്ലാ സാധനങ്ങളും വാരി പുറത്തു ഇട്ടിട്ടുണ്ട്. വീട്ടിലേക്ക് വന്നാൽ കുഞ്ഞുങ്ങൾക്ക് ചൂടുവെള്ളം ഉണ്ടാക്കി കൊടുക്കാൻപോലും സംവിധാനമില്ല.

പഴൂപ്പടി സെബാസ്റ്റ്യന്റെ വീട്ടുമുറ്റത്ത് ഒന്നരയടി പൊക്കത്തിൽ ചെളിയാണ്. വീട്ടിലേക്കുള്ള വഴി വീതി കുറവാണ്. അതിനാൽ മണ്ണുമാന്തി യന്ത്രം കൊണ്ടുവന്ന് ചെളിനീക്കാനാകില്ല. സെബാസ്റ്റ്യനും ഭാര്യയും രണ്ട് പെൺമക്കളുംകൂടി വീടിനകത്തെ ചെളിയൊക്കെ വാരി മാറ്റി വൃത്തിയാക്കുകയാണ് അതൊക്കെ കഴിഞ്ഞിട്ട് വേണം വീട്ടുമുറ്റത്തെ ചെളി മാറ്റാൻ.

സിവിൽ പോലീസ് ഓഫീസറായ മേച്ചിറ ദിനേശന്റെ വീടിന്റെ അടുക്കളഭിത്തിക്ക് വിള്ളൽ വീണു. പുളിക്കത്തറ ജോഷിയുടെ വീടിന്റെ അടുക്കളഭിത്തി തകർന്നത് ഡിപ്പോയിൽനിന്ന് വലിയ മരത്തടികൾ ഒഴുകി വന്ന് ഇടിച്ചാണ്.

25 അടിയോളം നീളമുള്ള മൂന്ന് തേക്ക് തടികൾ ഡിപ്പോയിലേക്ക് മാറ്റി. മണലിപ്പറമ്പ് ഫിലോമിന, ജോസഫ് എന്നിവരുടെ വീടുകൾക്കും തകരാറു പറ്റിയിട്ടുണ്ട്. കൂടാതെ വായ്പ അടച്ചുതീരാത്ത നിരവധി ഇരുചക്ര വാഹനങ്ങളും പ്രളയജലത്തിൽ ഒഴുകിപ്പോയി.